ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ സ്കീം ഈ വർഷം കട്ടനാടൻ ഏരിയായിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ ഇ. പി. പൗലോസ് : കട്ടനാട്ടിൽ പൊതുവേ വല്ല വിദേശരാജ്യങ്ങളുടെ സഹായത്തോടുകൂടി ഒരു സ്കീം നടപ്പിലാക്കാൻ സാധിക്കുമോയെന്നുള്ളതിനെപ്പറ്റി ആലോചിച്ചുവരുന്നുണ്ട്.

വെൽഫെയർ സ്കൂളുകൾ

* 863. [4] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ എത്ര വെൽഫെയർ സ്കൂളുകൾ ഉണ്ട്;

(ബി) എഡ്യൂക്കേഷൻ റൂൾസ് അനുസരിച്ച് ഇവയിൽ എത്രയെണ്ണത്തിനു കെട്ടിടമുണ്ട്;

(സി) ബ്ലോക്ക് ഫണ്ടിൽനിന്നും സ്വന്തംകെട്ടിടം പണിയുന്നതിന് മേൽപ്പറഞ്ഞ സ്കൂളുകളിൽ ഏതിനെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 182.

(ബി) ഇരുപത്തെണ്ണത്തിനു്.

(സി) ഉണ്ടു്. കൊല്ലം ജില്ലയിൽ വെട്ടിക്കവല ബ്ലോക്കിൽനിന്നു് 13,440 രൂപ കൊട്ടാരക്കരയിലുള്ള കുളക്കട വെൽഫെയർ സ്കൂളിനും കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട ബ്ലോക്കിൽനിന്നു് 1,250 രൂപ തലപ്പലം വെൽഫെയർ സ്കൂളിനും, തിരുവനന്തപുരം ജില്ലയിൽ പെരുംകടവിള ബ്ലോക്കിൽനിന്നു് 15,000 രൂപ നെയ്യാറിൻകര താലൂക്കിലുള്ള കുന്നത്തുകാൽ വെൽഫെയർ സ്കൂളിനും അനുവദിച്ചിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട കുളക്കട വെൽഫെയർ സ്കൂളിനു് മണ്ണടി ബ്ലോക്കിൽനിന്നും പണം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: കുന്നത്തുകാൽ വെൽഫയർ സ്കൂളിനു് അനുവദിച്ചിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: ഞാൻ ചോദിച്ചതു് കൊട്ടാരക്കരയിലുള്ള കുളക്കട വെൽഫെയർ സ്കൂളിന്റെ കാര്യമല്ല. കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ടയിലുള്ള കുളക്കട വെൽഫെയർ സ്കൂളിനു് മണ്ണടി ബ്ലോക്കിൽനിന്നും പണം അനുവദിച്ചിട്ടുണ്ടോയെന്നാണു് അറിയേണ്ടതു്?

ശ്രീ. കെ. കുഞ്ഞമ്പു: എന്റെ കൈവശം കിട്ടിയ രേഖയിൽനിന്നും അതു് കാണുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: വെൽഫെയർ സ്കൂളുകളിൽ അടുത്തകാലത്തായി ഇൻസ്പെക്ഷൻ നടത്തുന്നതിലേക്കുവേണ്ടി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്കു് വിട്ടുകൊടുക്കുകയുണ്ടായി. അതിനുശേഷം വെൽഫെയർ സ്കൂളുകളിൽ ആവശ്യത്തിനുള്ള ഉപകരണങ്ങളില്ലെന്നും പ്രാഥമികാവശ്യത്തിനുള്ള കെട്ടിടങ്ങളും പോലുമില്ലെന്നും, ക്ലാസുകൾ നടത്തുന്നതു് പെറിയ പെറിയ കടമുറികളിൽ വെച്ചാണെന്നും കാണിച്ചു് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റു് ഗവണ്മെന്റിലേയ്ക്കു് ഒരു റിപ്പോർട്ട് അയച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: ആകെയുള്ള 182 വെൽഫെയർ സ്കൂളുകളിൽ കെ. ഇ. ആർ.—ലെ ചട്ടങ്ങളനുസരിച്ച് ഇരുപത്തു സ്കൂളുകളം മാത്രമേ നടത്തുന്നുള്ളു. ആവശ്യമായ ഉപകരണങ്ങളും കെട്ടിടങ്ങളും ഇല്ല. ഈ അടുത്തകാലത്തായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ഒരു ലക്ഷത്തോളംരൂപ നീക്കിവെച്ചിട്ടുണ്ട്. അതിന്റെ പണിപൂർത്തിയാക്കുന്നതിനു് ഇക്കൊല്ലം 3,500 രൂപകൂടി നീക്കിവെച്ചിട്ടുണ്ട്. ഈ കൊല്ലം പത്തു കെട്ടിടങ്ങളം പൂർത്തിയാക്കണമെന്നു് ഉദ്ദേശിക്കുന്നു.

ശ്രീ. എം. കൃഷ്ണൻ: കഴിഞ്ഞ വർഷത്തിൽ അട്ടപ്പാടി ടൈബൽ ബ്ലോക്കിൽ ഒരു റസിഡൻഷ്യൽ ബേസിക്കു് സ്കൂൾ തുടങ്ങണമെന്നു കാണിച്ചു് ഒരു മെമ്മോറാണ്ടം ഗവണ്മെന്റിലേയ്ക്കു് സമർപ്പിച്ചിരുന്നുവോ?

ശ്രീ. കെ. കുഞ്ഞമ്പു: ടൈബൽ ബ്ലോക്കുകളിൽ റസിഡൻഷ്യൽ ബേസിക്കു് സ്കൂളുകൾ ആരംഭിക്കണമെന്നു് തീരുമാനിച്ചിട്ടുണ്ടു്. വരുന്നകൊല്ലം തന്നെ അവ ആരംഭിക്കുന്നതാണു്. കെട്ടിടം പൂർത്തിയായിട്ടുണ്ടു്.

ശ്രീ. ഒ. കോരൻ: കോഴിക്കോടു് ഫറൂക്കു് വെൽഫെയർ സ്കൂളിൽ ഇരുന്നൂറു കുട്ടികൾക്കു കൂടി രണ്ടു് അദ്ധ്യാപകന്മാരാണു് ഉള്ളതു്. ഇതിന്റെ ഫലമായി ആവശ്യത്തിനു് അദ്ധ്യാപകന്മാർ ഇല്ലാത്തതുകൊണ്ടു് കുട്ടികളുടെ വിദ്യാഭ്യാസരീതി ശരിയാകുന്നില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഈകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. കൂടുതൽ അദ്ധ്യാപകന്മാരെ നിയമിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണു്.

ശ്രീ. കെ. കൃഷ്ണൻ: വെൽഫെയർ സ്കൂളുകളുടെ അടുത്തു് ഗവണ്മെന്റു പ്രൈമറി സ്കൂളുകളോ എയിഡഡു് സ്കൂളുകളോ ഇല്ലെങ്കിൽ ഇതിനെ ഫുൾ പ്രൈമറി സ്കൂളാക്കി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ വിട്ടുകൊടുക്കാനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇതിനുമുമ്പു ഇതുപോലുള്ള പതിനാലു സ്കൂളുകളം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനോടു് ഏറ്റെടുക്കണമെന്നു് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കെ. ഇ. ആർ.—ലെ വ്യവസ്ഥയനുസരിച്ചു് ഈ സ്കൂളുകളെല്ലാം ഏറ്റെടുക്കാൻ വിഷമമാണെന്നാണു് പറഞ്ഞിട്ടുള്ളതു്.

ശ്രീ. പി. ചാക്കോ: വിദ്യാഭ്യാസസൗകര്യം കൂടുതലായി വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു് ഇതുപോലെയുള്ള ടൈബൽ സ്കൂളുകളം നിറുത്തൽ ചെയ്യാനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇപ്പോഴം നിറുത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഇവിടെ പറഞ്ഞ കണക്കിൽ ടൈബൽ സ്കൂളുകളം എത്രയുണ്ടെന്നും, ഇപ്പോഴം ഉള്ള സ്കൂളുകളം ഒരോന്നായി കുറവു ചെയ്യാതെ കൂടുതൽ സ്കൂളുകളം ആരംഭിക്കുന്നതിനുള്ള വല്ല പദ്ധതിയും ഗവണ്മെന്റു് ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: സ്റ്റേറ്റിൽ ആകെ 83 ടൈബൽ സ്കൂളുകളം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണു്. കൂടുതലായിട്ടു് ഇനിയും ആരംഭിക്കണമെന്നാണു് ഗവണ്മെന്റിന്റെ ഉദ്ദേശം.

പ്ലാന്റേഷൻ കാർപ്പൊറേഷൻ

* 864. [5] ശ്രീ. എം. ഗോപാലൻകുട്ടിനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കാർപ്പൊറേഷന്റെ രൂപീകരണത്തിനുശേഷം അതിന്റെ പ്രവർത്തനം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly